(x) ഈസാനബി

ഇസ്റാഈല്യരിലേക്ക് അവസാനമായി നിയോഗിക്കപ്പെട്ട പ്രവാചകനാണ് ഈസാനബി. മൂസാനബിയുടെ ശരീഅത്തിന്റെ അന്തസ്സത്തയിൽ ഊന്നിനിന്നുകൊണ്ട് ഇസ്റാഈൽ സമുദായത്തിന്റെ സംസ്കരണമായിരുന്നു ഈസാനബിയുടെ പ്രബോധനത്തിന്റെ പ്രധാന ലക്ഷ്യം. മറ്റെല്ലാ പ്രവാചകന്മാരെയും പോലെ ഈസാനബിയും തന്റെ പ്രബോധനം ആരംഭിക്കുന്നത് അല്ലാഹുവിന് മാത്രം ഇബാദത് ചെയ്യുക എന്ന ആഹ്വാനത്തോടെയാണ്. ഈസാനബിയുടെ മുഖ്യമായ പ്രബോധനം ഖുർആൻ ഇപ്രകാരം സംഗ്രഹിക്കുന്നു:

''അദ്ദേഹം ഇസ്റാഈൽ വംശത്തിൽ ദൂതനായി ചെന്നപ്പോൾ പറഞ്ഞു: *തൗറാതിൽ* നിന്ന് എന്റെ ഈ കാല ഘട്ടത്തിൽ നിലവിലുള്ളതിനെ സത്യപ്പെടുത്തുന്നവനായിട്ടാകുന്നു ഞാൻ നിയോഗിക്കപ്പെട്ടിട്ടുള്ളത്. നിങ്ങൾക്ക് നിഷിദ്ധമാക്കപ്പെട്ടിരുന്ന ചില കാര്യങ്ങൾ അനുവദിക്കുന്നതിന് വേണ്ടിയും ഞാൻ വന്നു. അറിയുവിൻ, നിങ്ങളുടെ റബ്ബിങ്കൽനിന്നുള്ള ദൃഷ്ടാന്തവുമായാണ് ഞാൻ നിങ്ങളിൽ വന്നിരിക്കുന്നത്. അതിനാൽ അല്ലാഹുവിനോട് ഭക്തി യുള്ളവരായിരിക്കുവിൻ. എന്നെ അനുസരിപ്പിൻ. അല്ലാഹു എന്റെയും നിങ്ങളുടെയും റബ്ബാകുന്നു. അതിനാൽ നിങ്ങൾ അവന്നുമാത്രം ഇബാദത് ചെയ്യുവിൻ. അതാകുന്നു നേരായ മാർഗം''(ആലുഇംറാൻ 50-51).

ജൂതന്മാരിലെ പണ്ഡിതന്മാരും പുരോഹിതന്മാരുമാണ് ഈസാനബിയെ ഏറ്റവും കൂടുതൽ എതിർത്തത്. കാരണം, ഈസാനബിയുടെ പ്രബോധനം, മതത്തിന്റെ മറവിൽ അവർ കെട്ടിപ്പൊക്കിയ ചൂഷണ വ്യവസ്ഥിതിക്ക് ഏറ്റവും വലിയ ഭീഷണിയായിരുന്നു. ഈസാനബിയാകട്ടെ അവരുടെ ചൂഷണത്തെയും കപടഭക്തിയെയും ജനസ മക്ഷം തുറന്നുകാണിക്കുകയും ചെയ്തു. ഒടുവിൽ ഗത്യന്തരമില്ലാതെ അവർ ഈസാനബിയെ വധിക്കാൻ ഗൂഢാ ലോചന നടത്തുകയും അദ്ദേഹത്തെ കഠിനമായി ദ്രോഹിക്കുകയും ഭീഷണിപ്പെടുത്തുകയും ചെയ്തു. എന്നാൽ ശത്രുക്കളുടെ ഇത്തരം ഗൂഢാലോചനയിൽനിന്ന് അല്ലാഹു അദ്ദേഹത്തെ രക്ഷപ്പെടുത്തുകയാണുണ്ടായത്.

പണ്ഡിതന്മാരിലും നേതാക്കളിലും തന്റെ പ്രബോധനം ഫലിക്കുന്നില്ലെന്ന് കണ്ട ഈസാനബി നിരാശനാ കാതെ നിർധനരും പേരും പൈതൃകവും ശക്തിയും സ്വാധീനവും കുറഞ്ഞവരുമായ ഹവാരികളിൽ തന്റെ പ്രബോ ധനം കേന്ദ്രീകരിച്ചു. അങ്ങനെ ചുരുങ്ങിയ കാലംകൊണ്ട് തന്നെ അവരെ സംസ്കരിച്ചെടുക്കാനും തനിക്ക് ശേഷം തന്റെ സത്യസന്ധരായ പ്രബോധന പ്രവർത്തകർ എന്ന നിലയ്ക്ക് അവരെ പരിവർത്തിപ്പിക്കാനും അദ്ദേഹത്തിന് കഴിഞ്ഞു. പിന്നീട് അവരാണ് ഇസ്റാഈല്യരുടെ ഓരോ ഗ്രാമത്തിലും ചെന്ന് അല്ലാഹുവിന്റെ സന്ദേശം പ്രചരി പ്പിച്ചത്.